"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊച്ചി കോർപറേഷൻ - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത ട്രാപ് കേസ് നം. VC-03/2025/EKM - കുറ്റാരോപിതനായ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.അഖിൽ ജിഷ്ണുവിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2903/2025/LSGD തീയതി,തിരുവനന്തപുരം, 02-12-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.02.2025 തീയതിയിലെ C3-(VC-3/2025/EKM) 4769/2025/DVACB നമ്പർ കത്ത്.
2. ശ്രീ.അഖിൽ ജിഷ്ണുവിന് നൽകിയ 23.04.2025 തീയതിയിലെ ഇയു4/64/2025-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
3. ശ്രീ.അഖിൽ ജിഷ്ണു സമർപ്പിച്ച 16.06.2025 തീയതിയിലെ പ്രതിവാദ പത്രിക
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 06.11.2025 തീയതിയിലെ LSGD/PD/3787/2025-VIGC4 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം, കലൂർ, സബർമതി റോഡ്, EMMAR Trading Associates എന്ന പേരിൽ പാൽ ഉൽപന്നങ്ങളുടെ വിൽപ്പന നടത്തുന്ന സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കി നൽകുന്നതിന് ഉടമ ശ്രീ. ജയ്സൺ ജേക്കബിൽ നിന്നും കൊച്ചി കോർപ്പറേഷൻ, ഹെൽത്ത് സർക്കിൾ 10-ലെ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -I, ശ്രീ. അഖിൽ ജിഷ്ണു 10,000/- രൂപ കൈക്കൂലിയായി ആവശ്യപ്പെട്ടു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ പ്രീ-വെരിഫിക്കേഷൻ നടത്തി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ എറണാകുളം യൂണിറ്റിൽ 29.01.2025 തീയതിയിൽ അഴിമതി നിരോധന നിയമം 1988 (ഭേദഗതി 2018) ലെ 7 (a) വകുപ്പ് പ്രകാരം വി.സി.03/2025/ഇ.കെ.എം. നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും അന്നേ ദിവസം തന്നെ വിജയകരമായി ട്രാപ്പ് നടത്തി ടിയാനെ അറസ്റ്റ് ചെയ്തതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് പ്രിൻസിപ്പൽ ഡയറക്ടർ ടിയാനെ 29/01/2025 തീയതി പ്രബല്യത്തിൽ സർവീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും നിലവിൽ സസ്പെൻഷനിൽ തുടരുകയുമാണ്.

2. മേൽ വിഷയത്തിൽ ശ്രീ.അഖിൽ ജിഷ്ണുവിനെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക, പ്രിൻസിപ്പൽ ഡയറക്ടർ മുഖേന അയച്ച് കൊടുക്കുകയുണ്ടായി. 03.06.2025 തീയതിയിൽ കുറ്റാരോപണ മെമ്മോ കൈപ്പറ്റിയ ടിയാൻ പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു. ശ്രീ. അഖിൽ

ജിഷ്ണുവിനെതിരെ കുറ്റാരോപണം നിലനിൽക്കുന്നതായും 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 3, 6 എന്നിവയുടെ ലംഘനത്തിന് അച്ചടക്ക നടപടി തുടരാവുന്നതുമാണെന്ന് പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ.അഖിൽ ജിഷ്ണു സമർപ്പിച്ച പ്രതിവാദ പത്രികയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ചതിൽ ടിയാന്റെ വാദങ്ങൾ തൃപ്തികരമല്ലാത്തതിനാൽ അച്ചടക്ക നടപടിയുമായി മുന്നോട്ട് പോകേണ്ടതും KCS (CC&A) Rule ചട്ടത്തിലെ 15 (b) പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടതുമുണ്ടെന്ന് കാണുന്നു.

3. ആയതിനാൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത് ട്രാപ് കേസ് നം. .VC-03/2025/EKM -ൽ അറസ്റ്റിലായി നിലവിൽ സസ്പെൻഷനിൽ തുടരുന്ന കൊച്ചി കോർപറേഷനിലെ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -I ആയിരുന്ന ശ്രീ.അഖിൽ ജിഷ്ണുവിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

4. പ്രസ്തുത അന്വേഷണ ഉദ്യോഗസ്ഥൻ ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ ജോയിന്റ് ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം
ശ്രീ.അഖിൽ ജിഷ്ണു, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -I (നിലവിൽ സസ്പെൻഷനിൽ)( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/64/2025-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 02-12-2025 14:20:27
സെക്ഷൻ ഓഫീസർ